# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **6447** **11.07.2012 - ൽ മറുപടിക്ക്**

## ഫ്ളാറ്റ് നിർമ്മാണ സ്കീം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് നിലവിൽ ഏതെല്ലാം പ്രോജക്ടുകൾ ആണുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | എ) നിലവിൽ ഭവന നിർമ്മാണ ബോർഡ് വഴി നടപ്പിലാക്കുന്ന പ്രോജക്ടുകൾ താഴെ കൊടുക്കുന്നു. ഇതിന്റെ വിശദാംശം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.<br><br>1. സാഫല്യം ഭവന പദ്ധതി<br>2. കോഴിക്കോട് ബംഗ്ലാദേശ് കോളനി (ശാന്തിനഗർ) യിലെ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി.<br>3. ഇന്നൊവേറ്റീവ് ഭവന പദ്ധതി.<br>4. സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി.<br>5. പാരസ്പര്യ പദ്ധതികൾ.<br>6. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ.<br>7. എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി.<br>8. സുരക്ഷാ ഭവന പദ്ധതി. |
| (ബി) സംസ്ഥാനത്ത് പുതിയ ഹൗസിംഗ് സ്കീം നടപ്പിലാക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ എവിടെയെല്ലാമാണുള്ളത്; പ്രദേശം, സ്ഥലത്തിന്റെ വിസ്തീർണ്ണം മുതലായ വിവരങ്ങൾ വെളിപ്പെടുത്തുമോ; | ബി) സംസ്ഥാനത്ത് പുതിയ ഭവന പദ്ധതികൾ നടപ്പിലാക്കുന്നതിന് അനുയോജ്യമായ ഭൂമി സംബന്ധമായ വിവരങ്ങൾ താഴെ കൊടുക്കുന്നു. |

| പദ്ധതിയുടെ പേര് | | ഏരിയ (സെന്റ്) |
|---|---|---|
| ജഗതി | - | 35.78 |
| അമ്പല നഗർ | - | 62.38 |
| ആക്കുളം | - | 776.00 |
| ചെറുകോൽ | - | 276.00 |
| വളവനാട് | - | 669.00 |
| ചങ്ങനാശ്ശേരി സൈറ്റ് 2 | - | 74.50 |
| അയർക്കുന്നം | - | 212.00 |

| | | |
|---|---|---|
| എരുമേലി സ്റ്റേജ് I | - | 400.00 |
| വാഴത്തോപ്പ് | - | 325.2 |
| എളംകുളം (വെസ്റ്റ്) | - | 38.00 |
| എറുമ്പനം | - | 73.26 |
| എറുമ്പനം സ്റ്റേജ് 2 | - | 30.00 |
| തൃക്കാക്കര | - | 69.00 |
| എടപ്പള്ളി | - | 27.95 |
| തൃക്കാക്കര (സാറ്റലൈറ്റ് ൗൺ ഷിപ്പ്) | - | 13.50 |
| മറൈൻ ഡ്രൈവ് സ്റ്റേജ് I | - | 1350 |
| മുളം കുന്നത്ത് കാവ് | - | 608.87 |
| കോഴിക്കോട് (മെഡിക്കൽ കോളേജ്) | - | 1522.07 |
| മധൂർ | - | 261.78 |

സി) നഗരങ്ങളെപ്പോലെ നാട്ടിൻ പുറങ്ങളിലും പാർപ്പിടക്ഷാമം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇവിടെ ഹൗസിംഗ് ബോർഡിന്റെ നേതൃത്വത്തിൽ ഫ്ളാറ്റ് നിർമ്മിച്ച് നൽകുന്ന സ്കീം നടപ്പാക്കുമോ;

സി) സമൂഹത്തിലെ ഭൂ-ഭവന രഹിതരായ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള EWS വിഭാഗക്കാർക്ക് ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതിയായ സാഫല്യം ഭവന പദ്ധതി ഭവന നിർമ്മാണ ബോർഡ് വഴി പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നുണ്ട്.

ഡി) പ്രസ്തുത സ്കീമിനായി 2012-13 വർഷത്തെ ബഡ്ജറ്റിൽ എത്ര തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ ?

ഡി) സാഫല്യം ഭവന പദ്ധതിയ്ക്കായി 2012-2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 17 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

Seba

സെക്ഷൻ ഓഫീസർ

**അനുബന്ധം**

ഭവന നിർമ്മാണ ബോർഡിൽ നിലവിലുള്ള പ്രോജക്ടുകൾ സംബന്ധിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

1. **സാഫല്യം ഭവന പദ്ധതി**

സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ട ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ഭൂ ഭവന രഹിതരായ EWS വിഭാഗക്കാർക്ക് 2.5 ലക്ഷം രൂപ ചെലവു വീതം പ്രതീക്ഷിക്കുന്ന ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ നിലവിലുള്ള സർക്കാർ സബ്സിഡി നിരക്ക് 1 ലക്ഷം രൂപയാണ്. എന്നാൽ നിർമ്മാണ ചെലവ് 3.50 ലക്ഷം രൂപയായി മാറ്റി സബ്സിഡി 2 ലക്ഷം രൂപയായി ഉയർത്തുന്നതിനും വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

2. **കോഴിക്കോട് ബംഗ്ലാദേശ് കോളനി(ശാന്തിനഗർ)യിലെ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി**

കോഴിക്കോട് ശാന്തിനഗർ(ബംഗ്ലാദേശ് കോളനി)യിലെ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി പദ്ധതിയുടെ ആദ്യ ഘട്ടമായി 218 വീടുകൾ പുനർ നിർമ്മിച്ചു വരുന്നു.

3. **ഇന്നൊവേറ്റീവ് ഭവന പദ്ധതി**

നഗര പ്രദേശങ്ങളിൽ ജോലി ചെയ്യുകയും എന്നാൽ നഗരത്തിനു പുറത്ത് താമസിക്കുവാൻ നിർബ്ബന്ധിതരാകുകയും ചെയ്യുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് നഗരത്തിൽ തന്നെ താമസസൗകര്യം ലഭ്യമാക്കുന്നതിനായി ഫ്ളാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ വാടകയ്ക്കു നൽകുന്ന പദ്ധതിയാണിത്. തൃശ്ശൂരും കോഴിക്കോട്ടും നിലവിൽ ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

4. **സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി**

സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സായി നൽകുന്നതിനായി സർക്കാർ ഭൂമിയിൽ ഫ്ളാറ്റുകൾ നിർമ്മിച്ചു റവന്യൂ വകുപ്പിന് കൈമാറുന്ന പദ്ധതിയാണിത്. ദേവികുളത്തും കാസർഗോഡും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

5. **പാരസ്പര്യ പദ്ധതികൾ**

ബോർഡിന്റെ കൈവശമുള്ള ഭൂമികളിൽ ഉപഭോക്താക്കളിൽ നിന്നും മുൻകൂർ തുക വാങ്ങി നടപ്പിലാക്കുന്ന പദ്ധതികളാണ്

പാരസ്പര്യ പദ്ധതികൾ. തിരുവനന്തപുരത്ത് കവടിയാറും അമ്പലനഗറിലും കൊച്ചിയിൽ പനമ്പള്ളി നഗറിലും ഈ രീതിയിൽ ഫ്ളാറ്റ് നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

### 6. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ

വനിതാ ജീവനക്കാർക്ക് സുരക്ഷിതത്വവും കുറഞ്ഞ ചെലവിലും താമസസൗകര്യം ഒരുക്കുന്നതിനായി ബോർഡ് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. തൃശ്ശൂർ ജില്ലയിലെ പുല്ലഴിയിൽ നിർമ്മിക്കുന്ന വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പൂർത്തിയായിട്ടുണ്ട്. ഇടുക്കിയിലെ കട്ടപ്പനയിലും, കോഴിക്കോടും വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

### 7. എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി

1972-1976 കാലഘട്ടത്തിൽ നിർമ്മിച്ച ലക്ഷം വീടുകളുടെ പുനർ നിർമ്മാണത്തിനായി ജനറൽ വിഭാഗത്തിന് 75,000/- രൂപയും പട്ടിക ജാതി വിഭാഗത്തിന് 1 ലക്ഷം രൂപയും പട്ടിക വർഗ്ഗ വിഭാഗത്തിന് 1.25 ലക്ഷം രൂപയും നിരക്കിൽ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയാണിത്.

### 8. സുരക്ഷാ ഭവന പദ്ധതി

സന്നദ്ധ സംഘടനകൾ തെരഞ്ഞെടുത്തു സ്പോൺസർ ചെയ്യുന്ന EWS വിഭാഗത്തിൽപ്പെട്ട 2 സെന്റ് സ്ഥലം കൈവശമുള്ള ഭവന രഹിതർക്ക് വീട് നിർമ്മാണത്തിനായി 25,000/- രൂപ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയാണിത്.

Seba

സെക്ഷൻ ഓഫീസർ